ബൃഹത്തായ കനാൽ സിസ്റ്റമുള്ള ഒരു വലിയ പ്രോജക്ട് ആണ് പെരിയാർവാലി. ശ്രീ. സാജുപോൾ പറഞ്ഞതുപോലെ 750 കിലോമീറ്റർ കനാൽ റോഡില്ല. 450 കിലോമീറ്റർ കനാൽ ബണ്ട് റോഡ് ആണുള്ളത്. അതിൽ 200 കിലോമീറ്റർ ടാർ ചെയ്തതാണ്. 80 കിലോമീറ്റർ മെറ്റൽ ചെയ്തതാണ്. നൂറ്റി എഴുപത് കിലോമീറ്റർ മണ്ണ് റോഡാണ്. ഈ പ്രോജക്ട് നടന്നുവന്ന സമയത്ത് ഇതിനെല്ലാം പണമുണ്ടായിരുന്നു, പ്രോജക്ടിൽ തന്നെ ചാർജ് ചെയ്തു പണികൾ ചെയ്തു. ഇപ്പോൾ പ്രോജക്ട് കമ്മീഷൻ ചെയ്തു. കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റിക്കു കൈമാറിയ ഒരു പ്രോജക്ട് ആണ് പെരിയാർവാലി. ഈ വർഷം 390 ലക്ഷം രൂപ കനാലുകളുടെ അറ്റകുറ്റപണികൾക്കുവേണ്ടി മാറ്റി വച്ചിട്ടുണ്ട്. റോഡിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് എസ്റ്റിമേറ്റ് എടുക്കാൻ ഉദ്യോഗസ്ഥന്മാരോട് പറഞ്ഞു. ഈ റോഡുകളൊക്കെ നന്നാക്കണമെങ്കിൽ മൊത്തം അഞ്ചുകോടി രൂപ വേണ്ടി വരും. എന്തായാലും ഇപ്രാവശ്യം കുറെ റോഡുകൾ നന്നാക്കാം. എനിക്ക് അവിടുത്തെ പ്രശ്നങ്ങൾ അറിയാം. പല സ്ഥലത്തും ആളുകൾക്ക് നടക്കുവാൻ പോലും വയ്യാത്ത സ്ഥിതിയുണ്ട്. ഈ ബണ്ട് റോഡ് ഉപയോഗിച്ചു തന്നെയാണ് അവിടെ വാഹന ഗതാഗതം നടക്കുന്നത്. അതിന്റെ ഗൗരവം പരിഗണിച്ചുകൊണ്ട് തീർച്ചയായിട്ടും കുറെയേറെ സ്ഥലങ്ങളിൽ ബണ്ട് റോഡുകൾ നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

(4) മാനന്തവാടി ജില്ലാ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീമതി രാധാരാഘവൻ: വയനാട് ജില്ലാ ആശുപത്രി അതിശോചനീയമായ വിധത്തിൽ ആണ് നിലനില്ക്കുന്നത്. താലൂക്ക് ആശുപത്രിയുടെ സൗകര്യങ്ങൾ മാത്രമാണ് ഇപ്പോൾ അവിടെ ഉള്ളത്. ആദിവാസികളും പാവപ്പെട്ടവരും ചികിത്സയ്ക്കായി ജില്ലാ ആശുപത്രിയിൽ എത്തിയാൽ വേണ്ടത്ര ഡോക്ടർമാരില്ല, മരുന്നുകളില്ല, കിടക്കകളും ഇല്ല. ഒരു ബെഡിൽ രണ്ടും മൂന്നും രോഗികളാണ് അവിടെ കിടക്കുന്നത്. ഇരുന്നൂറ്റി എഴുപത് ബെഡ്ഡുകളാണ് ഇപ്പോൾ ആശുപത്രിയിൽ ഉള്ളത്. അത് അഞ്ഞൂറ് ആയി ഉയർത്തണം. ആനുപാതികമായി എല്ലാ വിഭാഗം ജീവനക്കാരെയും നിയമിക്കണം. ഒ. പി. ബ്ലോക്ക് തുടങ്ങണം. മെയിൽ, ഫീമെയിൽ വാർഡുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കണം. കാർഡിയോളജിക്കും ന്യൂറോ സർജറിക്കും പ്രത്യേകം വിഭാഗം തുടങ്ങണം. വിദഗ്ദ്ധരായ ഡോക്ടർമാരെ നിയമിക്കണം. ആവശ്യത്തിന് മരുന്ന് കൊടുക്കണം. പോസ്റ്റ്മോർട്ടം നടത്തുന്നതിനായി ഒരു പോലീസ് സർജനെ നിയമിക്കണം. ഇത്രയും നടപടികൾ ജനങ്ങൾക്കുവേണ്ടി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): 1924-ൽ മാനന്തവാടിയിൽ സ്ഥാപിച്ച താലൂക്ക് ആശുപത്രി 1980-ൽ ജില്ലാ ആശുപത്രിയായി ഉയർത്തുകയുണ്ടായി. 274 കിടക്കകളുള്ള ഈ ആശുപത്രിയിൽ ജനറൽ മെഡിസിൻ, സർജറി, പീഡിയാട്രിക്സ്, ഗൈനക്കോളജി, ഒഫ്താൽമോളജി, ഇ.എൻ.ടി., ഓർത്തോപീഡിക്, അനസ്തേഷ്യോളജി, സൈക്യാട്രി, ദന്തൽ, എന്നീ വിഭാഗത്തിൽ സ്പെഷ്യലിസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സൂപ്രണ്ട് ഉൾപ്പെടെ മുപ്പത് ഡോക്ടർമാർ ഉള്ള ഈ ആശുപത്രിയിൽ മൂന്ന് ഫിസിഷ്യൻ, അഞ്ച് ഗൈനക്കോളജിസ്റ്റ്, ഇ.എൻ.ടി.-യിൽ മൂന്നുപേരും, പീടിയാട്രിക്സ്, അനസ്തേഷ്യ, സൈക്യാട്രി എന്നീ വിഭാഗത്തിൽ ഓരോ ഡോക്ടർമാരും സർജറി,

LIBRARY ARCHIVES Kerala Legislative Assembly

ഒഫ്താൽമോളജി വിഭാഗത്തിൽ രണ്ടു ഡോക്ടർമാരും ഇപ്പോൾ ജോലി ചെയ്യുന്നു. നാല് സിവിൽ സർജൻമാരുടെ ഒഴിവുണ്ട്. ഇന്റൻസീവ് കെയർ യൂണിറ്റ്, വെന്റിലേറ്റർ സൗകര്യം, ലബോറട്ടറി, പവർ ലാൺഡ്രി എന്നീ സൗകര്യങ്ങളും നാല് ഓപ്പറേഷൻ തിയേറ്റർ, ഇ.സി.ജി., ബ്ലഡ് ബാങ്ക്, ആംബുലൻസിന്റെ സേവനം എന്നിവയും ലഭ്യമാണ്. കെ.എച്ച്.ആർ.ഡബ്ളിയു.എസ്സിന്റെ മൂന്നു തരത്തിലുള്ള പേ വാർഡുകൾ പ്രവർത്തിക്കുന്നുണ്ട്. അവിടെ ആകെ മുപ്പത്തിയെട്ട് കിടക്കകൾ ഉണ്ട്. ഇതുകൂടാതെ ആശുപത്രിയോട് അനുബന്ധിച്ച് ഒരു ട്രൈബൽ മൊബൈൽ യൂണിറ്റ്, ദന്തൽ മൊബൈൽ യൂണിറ്റ്, ഒഫ്താൽമിക് മൊബൈൽ യൂണിറ്റ് എന്നിവയും പ്രവർത്തിക്കുന്നുണ്ട്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ആശുപത്രി വികസന സമിതിയും നിലവിലുണ്ട്. അത്യാവശ്യം മരുന്നുകളെല്ലാംതന്നെ ലഭ്യമാണ്. അടിയന്തിര ഘട്ടങ്ങളിൽ എച്ച്. ഡി. സി. ഫണ്ടിൽ നിന്നും അത്യാവശ്യ മരുന്നുകൾ അമ്പതിനായിരം രൂപയ്ക്കുവരെ ലോക്കൽ പർച്ചേസ് വഴി വാങ്ങി ഉപയോഗിക്കുന്നുണ്ട്. ഈ ആശുപത്രിയിൽ പ്രതിദിനം ഏകദേശം എണ്ണൂറ് മുതൽ ആയിരംവരെ രോഗികൾ ജനറൽ മെഡിസിൻ വിഭാഗത്തിലും അഞ്ഞൂറിനും എഴുന്നൂറിനും ഇടയ്ക്ക് രോഗികൾ ഐ.പി. വിഭാഗത്തിലും ചികിത്സതേടി എത്തുന്നുണ്ട്. ഒരു മാസം നാനൂറോളം പ്രസവങ്ങളും ഈ ആശുപത്രിയിൽ നടക്കുന്നുണ്ട്. ഈ പ്രദേശത്തിന്റെ പ്രത്യേകതയും കുടുംബശ്രീയായി വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പ്രൊപ്പോർഷനും കണക്കിലെടുത്ത് ഈ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് അടക്കമുള്ള വികസന പ്രവർത്തനങ്ങൾക്കായി ഈ ആശുപത്രിയെ സർക്കാരിന്റെ എം. ജി. പി. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(5) ബോംബെ കേരളാഹൗസിന്റെ പണി

ശ്രീ. ടി. കെ. ദേവകുമാർ: ഇത് ജൂൺ മാസം 27-ാം തീയതിയിലെ മാതൃഭൂമി പത്രത്തിൽവന്ന ഒരു വാർത്തയാണ്. മാതൃഭൂമി പത്രം ഇക്കാര്യം ഇതിനു മുൻപ് രണ്ടു പ്രാവശ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന സർക്കാർ ഇതിനെ സംബന്ധിച്ച് ഒരക്ഷരം പ്രതികരിച്ചില്ല. ബോംബെയിലെ കേരളാ ഹൗസ്, സിഡ്കോയിൽ നിന്ന് കേരള സർക്കാർ ഏറ്റെടുത്ത രണ്ടായിരം ചതുരശ്ര അടി സ്ഥലത്താണ് ഈ കെട്ടിടത്തിന്റെ പണി തുടങ്ങിയത്. ആറു കോടി രൂപ ചെലവഴിച്ചതാണ്. കേരള സർക്കാർ അതിന്റെ പണി പൂർത്തിയാക്കിയിട്ടില്ല. കക്കൂസിനാവശ്യമുള്ള സാമഗ്രികൾ മുഴുവൻ വാങ്ങി ഒരു മൂലയ്ക്ക് ഇട്ടിരിക്കുകയാണ്. നാലു നിലയിൽ പണിത ഈ കെട്ടിടത്തിന്റെ കട്ടളകൾ മുഴുവൻ സാമൂഹ്യവിരുദ്ധൻമാർ ഇളക്കിക്കൊണ്ടു പോയി. ഇന്നത്തെ സ്ഥിതിയെന്തെന്നു ചോദിച്ചാൽ തെരുവ് കുടുംബങ്ങളെ ശിവസേനക്കാർ, നാട്ടു ഗുണ്ടകൾ വാടകയ്ക്കു താമസിപ്പിച്ചിരിക്കുകയാണ്. ഇതിന്റെ ചിത്രമുൾപ്പടെ പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഇത് ഒരു സ്വകാര്യ വ്യക്തിക്ക് കൈമാറാൻ ആലോചന നടക്കുന്നതായിട്ടാണ് പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 6 കോടി രൂപ മുടക്കി പണിയിച്ച ഈ നാലു നില കെട്ടിടം ഇന്ന് സാമൂഹ്യവിരുദ്ധൻമാരുടെ കേന്ദ്രമായി മാറിയിരിക്കുകയാണ്. ഇവിടെ തെരുവ് കുടുംബങ്ങളെ താമസിപ്പിക്കുന്നവരെ, അനാശാസ്യ പ്രവർത്തനം നടത്തുന്നവരെ ഇറക്കി വിട്ടിട്ട് അതിന്റെ പണി പൂർത്തിയാക്കി അത് സംസ്ഥാന ഗവൺമെന്റിന്റെ അധീനതയിൽ കൊണ്ടുവരണം. ഇൻഡ്യയുടെ വ്യവസായികളും മലയാളികളും അവിടെച്ചെന്നാൽ താമസിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പണിതതാണിത്. ഈ

LIBRARY ARCHIVES Kerala Legislative Assembly